# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>______________<br>JANUARY | 01 | 2021 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (02.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (155)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 01 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### പുതുവര്ഷത്തില് അയ്യനെ വണങ്ങി ഭക്തര്

പുതുവര്ഷത്തിന്റെ പൊൻകിരണങ്ങളുടെ പൊന് ശോഭയില് ശബരീശനെ കണ്ടു വണങ്ങി ഭക്തർ. മുൻവര്ഷങ്ങളില് പുതുവര്ഷത്തില് സന്നിധാനത്ത് ആഭൂതപൂർവമായ ഭക്തജനത്തിരക്കാണ് ഉണ്ടാകാറുള്ളത്. കോവിഡ് പശ്ചാത്തലത്തില് നിയന്ത്രണങ്ങള് ഉള്ളതിനാല് ഇക്കുറി ഒരു ദിവസം അയ്യായിരം പേര്ക്ക് മാത്രമാണ് ദര്ശനം. 48 മണിക്കൂറിനുള്ളില് പരിശോധിച്ച ആര്റ്റിപിസിആര്/ ആര്റ്റിലാംബ് / എക്സ്പ്രസ്സ്നാറ്റ് കൊവിഡ് നെഗറ്റീവ് സര്ട്ടിഫിക്കറ്റ് ഉള്ളവരെ മാത്രമാണ് ദര്ശനത്തിന് അനുവദിച്ചിട്ടുള്ളത്.

പുതുവത്സരത്തെ വരവേറ്റ് സന്നിധാനത്ത് ഡ്യൂട്ടിയിലുള്ള പോലീസ് അയ്യപ്പൻമാര് കര്പ്പൂരദീപം തെളിച്ചു. ശബരിമല എക്സിക്യൂട്ടിവ് ഓഫീസര് വി.എസ്. രാജേന്ദ്രപ്രസാദിന്റെ സാന്നിധ്യത്തില് സന്നിധാനം പോലീസ് അസി. സ്പെഷ്യല് ഓഫീസര് പദം സിങ്ങ് വെൽക്കം 2021 എന്നു കര്പ്പൂരം കൊണ്ട് എഴുതിയതിലേക്ക് ജ്വാല പകര്ന്നു.

### ...ഭക്തര്ക്ക് നവവത്സരാശംസകള് നേര്ന്ന് തന്ത്രി ..

ശബരിമല തന്ത്രി കണ്ഠരര് രാജീവര് ഭക്തര്ക്ക് നവവത്സരാശംസകള് നേര്ന്നു. പുതിയ വര്ഷം കോവിഡ് മാറി ഐശ്വര്യ സമ്പൂർണമാകട്ടെ എന്ന് പ്രാര്ഥിക്കുന്നു എന്നും ശബരിമലയില് ദര്ശനത്തിനെത്തുന്ന എല്ലാ ഭക്തരും കോവിഡ് മാനദണ്ഡങ്ങള് കൃത്യമായും പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**(പി.ആര്‍. ശബരി - (156)**


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 01 | 2021 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### സന്നിധാനത്ത് സംയുക്ത പരിശോധന നടത്തി

സന്നിധാനത്തെ വിവിധ കച്ചവട സ്ഥാപനങ്ങളില് എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് സത്യപാലന് നായരുടെ നിർദേശ പ്രകാരം വിവിധ വകുപ്പുകളുടെ പ്രതിനിധികള് അടങ്ങുന്ന പ്രത്യേക ടീം സംയുക്ത പരിശോധന നടത്തി. കോവിഡ് മാനദണ്ഡങ്ങള് പാലിക്കുന്നുണ്ടോ എന്നും പരിശോധനാ റിപ്പോർട്ടുകള് സൂക്ഷിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചു. ഇത് കൂടാതെ അളവ് തൂക്കം, വിലവിവരപട്ടിക, ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം, മാലിന്യ സംസ്കരണം, സന്നിധാാനത്തെയും പരിസര പ്രദേശങ്ങളിലെയും ശുചിത്വം, ശുചീകരണ തൊഴിലാളികളുടെ പ്രവർത്തനങ്ങള് എന്നിവ പരിശോധിച്ചു. അളവ് തൂക്ക ഉപകരണങ്ങള് ഇല്ലാതെ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളില് നിർബന്ധമായും അവ സ്ഥാപിക്കാന് നിർദേശിച്ചു. പരിശോധനയില് ഡെപ്യൂട്ടി തഹസിൽദാർമാരായ എം. മുകുന്ദന്, പി. മണികണ്ഠന്, ഹെൽത്ത് ഇൻസ്പെക്ടര് സുബ്രഹ്മണ്യന്, ലീഗല് മെട്രോളജി ഇൻസ്പെക്ടര് സുജിത്, റവന്യൂ വകുപ്പിലെ വിനീത്, രാഹുല് പ്രശാന്ത് എന്നിവര് പങ്കെടുത്തു.

(പി.ആര്. ശബരി - (157)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.